# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5281

### 01-07-2019 ൽ മറുപടിക്ക്

### കിഫ്ബി മസാല ബോണ്ടുകളിൽ സർക്കാർ നൽകിയ ഗ്യാരണ്ടി

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മസാല ബോണ്ടുകളിൽ സർക്കാർ നൽകിയ ഗ്യാരണ്ടി കൺസോളിഡേറ്റഡ് ഫണ്ടിന്റെ മുകളിലാണോ എന്ന് വിശദമാക്കാമോ; | കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് സർക്കാർ നിൽക്കുന്ന ഗ്യാരന്റി സഞ്ചിത നിധിയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള അധികാരം നിക്ഷേപകർക്ക് നൽകുന്നില്ല. സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റികൾക്ക് പാലിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും കിഫ്ബിയുടെ മസാല ബോണ്ടിന് നൽകിയ സർക്കാർ ഗ്യാരന്റിയിലും പാലിച്ചിട്ടുണ്ട്. |
| (ബി) സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഗ്യാരന്റികൾക്ക് പാലിക്കേണ്ട നിബന്ധനകൾ കിഫ്ബി മസാല ബോണ്ടുകളുടെ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | |
| (സി) കിഫ്ബി മസാല ബോണ്ടുകൾക്ക് ആർ.ബി.ഐ.യിൽ നിന്നും കിഫ്ബി നേരിട്ട് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; | നിലവിലെ ഫെമ ചട്ടപ്രകാരം റിസർവ്വ് ബാങ്ക് അംഗീകാരമുള്ള ഡീലർ ബാങ്കിലൂടെ മാത്രമേ മസാല ബോണ്ട് അനുമതിക്കായി റിസർവ്വ് ബാങ്കിനെ സമീപിക്കുവാൻ കഴിയൂ. ഇപ്രകാരം കിഫ്ബിയുടെ മസാലബോണ്ടിന്റെ അറേഞ്ചറായി തിരഞ്ഞെടുക്കപ്പെട്ട ആക്സിസ് ബാങ്കിലൂടെയാണ് കിഫ്ബിയുടെ മസാല ബോണ്ടിന് റിസർവ് ബാങ്ക് അനുമതി ലഭ്യമാക്കിയത്. |
| (ഡി) കിഫ്ബി മസാല ബോണ്ടുകൾക്ക കൺസോളിഡേറ്റഡ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകുന്ന ഗ്യാരണ്ടിക്ക് ആർ.ബി.ഐ.യുടെയും കേന്ദ്ര സർക്കാരിന്റെയും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ? | സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റികൾക്ക് കേന്ദ്ര സർക്കാരിന്റെയോ റിസർവ് ബാങ്കിന്റെയോ പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതില്ല. ഭരണഘടന പ്രകാരം അതാത് സംസ്ഥാനങ്ങൾക്കു തന്നെ ആ സംസ്ഥാനത്തിന്റെ ഗ്യാരന്റീസ് ആക്ടിന്റെ പരിധിക്കുള്ളിൽ നിന്ന് ഗ്യാരന്റികൾ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ